## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 123 　　　　　　　　28.10.2019- ൽ മറുപടിയ്ക്ക്

### ദുബായിൽ നടന്ന പ്രവാസി നിക്ഷേപക സംഗമം

| **ചോദ്യം**<br>ശ്രീ. സണ്ണി ജോസഫ് | | **മറുപടി**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പ്രവാസി നിക്ഷേപം കൊണ്ടുവരുന്നതിന് ഒക്ടോബറിൽ ദുബായിൽ വച്ച് നിക്ഷേപക സംഗമം സംഘടിപ്പിച്ചിരുന്നോ; | എ) | എൻ.ആർ.കെ. എമർജിംഗ് എന്റർപ്രണേഴ്സ് മീറ്റ് സംഘടിപ്പിച്ചിരുന്നു. |
| ബി) | പ്രസ്തുത സംഗമത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ആരൊക്കെയാണ് പങ്കെടുത്തതെന്ന് വെളിപ്പെടുത്താമോ; | ബി), സി) & ഡി) | പ്രസ്തുത സംഗമത്തിൽ മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ, സ്പീക്കർ ശ്രീ. പി.ശ്രീരാമകൃഷ്ണൻ, വ്യവസായ വകുപ്പ് മന്ത്രി ശ്രീ. ഇ.പി.ജയരാജൻ, ടൂറിസം വകുപ്പ് മന്ത്രി ശ്രീ. കടകമ്പള്ളി സുരേന്ദ്രൻ, നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.കെ. ഇളങ്കോവൻ ഐ.എ.എസ്., നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ ശ്രീകെ. വരദരാജൻ, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.കെ. ഹരികൃഷ്ണൻ നമ്പൂതിരി എന്നിവർ സന്ദർശിച്ചു. വിവിധ മേഖലകളിൽ നിക്ഷേപം നടത്തുവാൻ താൽപര്യമുള്ളവരുമായി നേരിട്ട് ചർച്ച നടത്തുകയും ചർച്ചകളിലുണ്ടായിട്ടുള്ളതായ നിക്ഷേപ വാഗ്ദാനങ്ങളുടെ തുടർ നടപടി സ്വീകരിച്ച് വരുകയും ചെയ്യുകയാണ്. |
| സി) | പ്രസ്തുത നിക്ഷേപക സംഗമത്തിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ പ്രവാസി വ്യവസായികൾ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ മുന്നോട്ട് വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ; | | |
| ഡി) | എത്ര കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്ത് ഉണ്ടാകുക എന്നും അത് സംസ്ഥാനത്ത് നിലവിൽ നിശ്ചലമായിരിക്കുന്ന ഏതൊക്കെ മേഖലകൾക്ക് ഉത്തേജനം ആകുമെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ